പതിനാലാം കേരളനിയമസഭ
പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2056 | 11.06.2018-ൽ മറുപടിക്ക് |
|---|---|

**പ്രായപൂർത്തിയാകാത്തവരെ ചോദ്യം ചെയ്യുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ**

| ചോദ്യം<br>ശ്രീ.വി.പി.സജീന്ദ്രൻ | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | പ്രായപൂർത്തിയാകാത്ത കുട്ടികളെ ചോദ്യം ചെയ്യുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ സംബന്ധിച്ച് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | പ്രായപൂർത്തിയാകാത്ത കുട്ടികളെ ചോദ്യം ചെയ്യുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ സംബന്ധിച്ച് പോക്സോ ആക്ട് 2012 പ്രകാരം സംസ്ഥാന പോലീസ് മേധാവി 03.10.2017 ൽ സർക്കുലർ നം.24/2017 പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് മൊഴി രേഖപ്പെടുത്തുമ്പോൾ കുട്ടിയുടെ രക്ഷകർത്താക്കളുടേയോ ബന്ധപ്പെട്ടവരുടേയോ സാന്നിദ്ധ്യം ഉണ്ടായിരിക്കേണ്ടതാണ്. കുട്ടിയുടെ മൊഴി കുട്ടിയുടെ വീട്ടിലോ, താമസിച്ചുവരുന്ന സ്ഥലത്തോ കുട്ടിക്ക് താൽപര്യമുള്ള സ്ഥലത്തോ കഴിയുന്നതും സബ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത വനിതാ പോലീസ് ഓഫീസർ ഔദ്യോഗിക വേഷത്തിലല്ലാതെ രേഖപ്പെടുത്തേണ്ടതാണ്. യാതൊരു കാരണവശാലും കുട്ടിയെ പോലീസ് സ്റ്റേഷനിൽ വിളിച്ചുവരുത്തുവാൻ പാടില്ലാത്തതാണ്. യാതൊരു കാരണവശാലും പ്രതിയുടെ സാന്നിദ്ധ്യത്തിൽ മൊഴി രേഖപ്പെടുത്താൻ പാടില്ല. |
| (ബി) | ഇതു സംബന്ധിച്ച് ബാലാവകാശ കമ്മീഷൻ എന്തെങ്കിലും ശിപാർശ സമർപ്പിച്ചിട്ടുണ്ടോ; ഈ ശിപാർശയുടെ അടിസ്ഥാനത്തിലാണോ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ? | (ബി) | ഇതു സംബന്ധിച്ച് ബാലാവകാശ കമ്മീഷൻ ശിപാർശ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ശിപാർശ പരിഗണിച്ചാണ് സംസ്ഥാന പോലീസ് മേധാവിയുടെ ഓഫീസിൽ നിന്നും 06/2016 എന്ന സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ